II ഇ.ബി. XIV - കേരള നിയമസഭ/XVI-17

## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 നവംബർ 20, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ കെ.എസ്.യു. പ്രവർത്തകരുടെ മാർച്ചിനുനേരെയുണ്ടായ പോലീസ് ലാത്തിച്ചാർജ്ജിൽ ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യ്ക്ക് മർദ്ദനമേറ്റതിൽ പ്രതിഷേധിച്ച് ചോദ്യോത്തരവേള റദ്ദാക്കി അടിയന്തരപ്രമേയം പരിഗണിക്കണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം ബഹു. സ്പീക്കർ നിരാകരിച്ചതിനെത്തുടർന്ന് പ്ലക്കാർഡുകളും ബാനറുകളും പിടിച്ചുകൊണ്ട് യു.ഡി.എഫ്. അംഗങ്ങൾ എഴുന്നേറ്റുനിന്ന് ബഹളം വയ്ക്കുകയും ചോദ്യോത്തരവേള ബഹിഷ്കരിക്കുന്നതായി പ്രഖ്യാപിച്ചുകൊണ്ട് സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

44 (*511) മലയാളത്തിന്റെ പ്രയോഗം വിപുലപ്പെടുത്താൻ പ്രവർത്തനങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, മലയാളഭാഷാ പ്രയോഗം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഭരണ ശബ്ദാവലി, ഭാഷയും ഭരണഭാഷയും, ഭരണഭാഷാ പ്രയോഗങ്ങൾ, ഭരണഭാഷാ പ്രശ്നങ്ങൾ, ഭരണഭാഷാ നിഘണ്ടു എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും 'ശ്രേയസ്സ്' എന്ന മൊബൈൽ ആപ് വികസിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ശബ്ദാവലി, നിഘണ്ടു എന്നിവയ്ക്ക് പുറമെ കൃഷിശാസ്ത്രം, ആരോഗ്യ ശാസ്ത്രം, ഇലക്ട്രിക്കൽ ട്രേഡ് തിയറി, കമ്പ്യൂട്ടർ സയൻസ് തുടങ്ങിയ വിഷയങ്ങളിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 800 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും സർവ്വ വിജ്ഞാനകോശത്തിന്റെ 15 വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുകയും അവ **www.sarva.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ സമഗ്ര ജനകീയ വിജ്ഞാനകേന്ദ്രമായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ പുന:ക്രമീകരിക്കാൻ

തീരുമാനിക്കുകയും വൈജ്ഞാനിക പുസ്തകങ്ങൾ ആവശ്യക്കാർക്ക് എത്തിച്ചു കൊടുക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ ഓൺലൈൻ പേമെന്റ് ഗേറ്റ് വേ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള സാഹിത്യ അക്കാദമിയും ഓൺലൈൻ പുസ്തക വില്പനയ്ക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സാഹിത്യ അക്കാഡമി എന്നിവയ്ക്ക് പുറമെ മലയാളം മിഷൻ, ബുക്ക് മാർക്ക് എന്നീ സ്ഥാപനങ്ങൾ വഴിയും പുസ്തകങ്ങളുടെ പ്രദർശനവും വിൽപ്പനയും നടത്തുന്നുണ്ട്. സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര പുസ്തകോത്സവം സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. മലയാളം മിഷൻ വിദേശ രാജ്യങ്ങളിലുൾപ്പെടെ 300 ലൈബ്രറികൾ സ്ഥാപിച്ചിട്ടുണ്ടെന്നും പ്രവാസി കേരളീയരുടെ കുട്ടികൾക്കായി 4 മലയാള ഭാഷാ കോഴ്സുകൾ നടത്തുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും പഠന കേന്ദ്രങ്ങൾക്ക് പ്രതിവർഷം 3000/- രൂപ ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ പ്രവാസി മലയാളികൾക്കായി ഭൂമിമലയാളം വാർത്താപത്രിക പ്രസിദ്ധീകരിക്കുകയും 'റേഡിയോ മലയാളം' എന്ന ഇന്റർനെറ്റ് ചാനൽ ആരംഭിക്കുന്നതുമാണ്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തളിര് മാസിക കേരളത്തിന് പുറത്തുള്ള മലയാളം മിഷൻ വിദ്യാർത്ഥികൾക്ക് എത്തിച്ചുകൊടുക്കുകയും മലയാളം

പഠിച്ചുതുടങ്ങുന്ന കുട്ടികൾക്കായി ലേണിംഗ് കിറ്റുകൾ തെരഞ്ഞെടുക്കപ്പെട്ട പഠനകേന്ദ്രങ്ങൾവഴി വിതരണം ചെയ്യുകയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി സാഹിത്യ, സാംസ്കാരിക വിഷയങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. 2020 ജനുവരിയിൽ ലോക പ്രവാസി സാഹിത്യ സമ്മേളനം നടത്തുന്നതാണെന്നും എട്ടു വർഷം പൂർത്തിയാക്കിയ സന്നദ്ധ സേവകരായ മലയാളം മിഷൻ അദ്ധ്യാപകരെ ആദരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. 'ഗീതാഞ്ജലി'യുടെ ഇംഗ്ലീഷ് പരിഭാഷയുടെ 100-ാം വാർഷികവുമായി ബന്ധപ്പെട്ട് ശാന്തിനികേതന്റെ സഹകരണത്തോടെ സാംസ്കാരിക വിനിമയ പരിപാടി നടത്തുന്നതാണെന്നും മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികവുമായി ബന്ധപ്പെട്ട് ശബരി ആശ്രമത്തിൽ ഗാന്ധിസ്മൃതി മണ്ഡപത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഘട്ടംഘട്ടമായി എല്ലാ പി.എസ്.സി. പരീക്ഷകളും മലയാളത്തിലാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. തെരഞ്ഞെടുത്ത 1000 കലാകാരൻമാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് നൽകുന്നതാണെന്നും കിഫ്ബിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയവും ഗ്രാമപ്രദേശങ്ങളിൽ ഈ വർഷം കെ.എസ്.എഫ്.ഡി.സി. 10 പുതിയ മൾട്ടി പ്ലക്സ് തിയേറ്ററുകൾ

നിർമ്മിക്കുന്നതാണെന്നും കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്ന കൾച്ചറൽ സെന്റർ വൈക്കം മുഹമ്മദ് ബഷീറിന്റെ പേരിലാണ് അറിയപ്പെടുന്നതെന്നും അവശതയനുഭവിക്കുന്ന കലാകാരൻമാർക്കായി ഉപജീവനപദ്ധതി നടപ്പിലാക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ലോകത്തെ പ്രധാനപ്പെട്ട 60 ഭാഷകളിലൊന്നായ മലയാളഭാഷ ആദരിക്കപ്പെടേണ്ടതാണെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി അറിയിച്ചു.

45 (*512) <u>പട്ടികജാതി കോളനികളുടെ സമഗ്ര വികസനം</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പട്ടികജാതി കോളനികളുടെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്ന 'അംബേദ്കർ ഗ്രാമം' പദ്ധതി പ്രകാരം ഇതുവരെ 417 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും 162 സ്വയംപര്യാപ്ത ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും കോർപ്പസ് ഫണ്ട് മുഖേന 199 കോളനികളിൽ കുടിവെള്ള പദ്ധതികളും 157 കോളനികളിൽ റോഡും നിർമ്മിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് പുറമെ

നിരവധി സ്ഥാപനങ്ങളും കോഴ്സുകളും ആരംഭിക്കുകയും വിദേശ പഠനത്തിന് മാർഗ്ഗരേഖ തയ്യാറാക്കുകയും സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എട്ടാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്ന പദ്ധതി ആരംഭിക്കുകയും 13062 കുടുംബങ്ങൾക്ക് പഠനമുറി അനുവദിച്ചതിൽ 7700 എണ്ണം പൂർത്തീകരിക്കുകയും നീറ്റ് മെറിറ്റിൽ എൻട്രൻസ് പ്രവേശനം ലഭിക്കുന്ന മുഴുവൻ കോളേജ് വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ഏർപ്പെടുത്തുകയും പ്ലസ് ടു-വിന് സയൻസ് വിഷയങ്ങളിൽ ഉന്നത മാർക്ക് നേടുന്ന 1000 വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിനായി പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ പരിശീലന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി 44 ഐ.റ്റി.ഐ.-കൾ നവീകരിക്കുകയും 7 എണ്ണം മോഡൽ റസിഡൻഷ്യൽ ഐ.റ്റി.ഐ.-കളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളും കേരള സിവിൽ സർവ്വീസ് അക്കാദമിയിൽ 300 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനവും സ്റ്റാർട്ട് അപ് ഡ്രീംസ് പ്രോജക്ടും നടപ്പിലാക്കിവരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് ഇന്ത്യയിലെ മികച്ച സർവ്വകലാശാലകളിൽ പ്രവേശനം ലഭിക്കുന്നതിന്

ക്രസ്റ്റ് മുഖേന പരിശീലന പരിപാടി ആരംഭിക്കുകയും എം.ആർ.എസ്.-കളിൽ പഠിക്കുന്നവർക്ക് കേന്ദ്ര സർവ്വകലാശാലകളിൽ പ്രവേശനത്തിന് സൗകര്യമൊരുക്കുകയും ചെയ്തു. ഇതിന് പുറമെ കെൽട്രോൺ, ഇൻകാടെക്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ മുഖേന കമ്പ്യൂട്ടർ പരിശീലനവും നൽകിവരുന്നുണ്ട്. സ്വകാര്യ മേഖലയിൽ തൊഴിൽ നേടുന്നതിന് നൈപുണ്യ വികസന പരിശീലനം നൽകിയതിന്റെ ഭാഗമായി 248 പേർക്ക് വിദേശ കമ്പനികളിൽ തൊഴിൽ ലഭ്യമാക്കുകയും 42 പേർക്ക് ഉടൻതന്നെ വിസ ലഭിക്കുന്നതുമാണ്. പരിശീലനം പൂർത്തിയാക്കിയ 187 നഴ്സുമാർക്ക് 15,000 രൂപ പ്രതിമാസ ഓണറേറിയത്തിൽ സർക്കാർ ആശുപത്രികളിൽ അധിക പരിശീലനം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും തൊഴിലന്വേഷകർക്കായി പട്ടികജാതി വികസന ഡയറക്ടറേറ്റിൽ ഹാൻഡ് ഹോൾഡിംഗ് സെൽ ആരംഭിക്കുകയും സ്വയം തൊഴിൽ പദ്ധതി പ്രകാരം പ്രതിവർഷം ഒമ്പതിനായിരത്തോളം പേർക്ക് വായ്പയും സബ്സിഡിയും ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. 30.10.2019 വരെ 71,791 പട്ടികജാതി കുടുംബങ്ങൾക്ക് ചികിത്സാ സഹായമായി 127,67,73,376/- രൂപ അനുവദിക്കുകയും കോളനികൾ കേന്ദ്രീകരിച്ച് 1339 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ

പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് 29 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. ഡയറക്ടറേറ്റ് തലത്തിലും മറ്റും റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിച്ച് കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ജനസംഖ്യാടിസ്ഥാനത്തിൽ എസ്.സി. കോളനികളെ സമഗ്ര വികസനത്തിനായി തെരഞ്ഞെടുക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതാണെന്നും ശുദ്ധജലം ലഭ്യമാകാത്ത പ്രദേശങ്ങളിലെ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ബെനിഫിഷ്യറി കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണെന്നും കൃഷിവകുപ്പുമായി ചേർന്ന് ആദിവാസി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

46 (*513) <u>കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ കാർഷിക മേഖലയുടെ സമഗ്ര വികസനവും കാര്യക്ഷമമായ ജലഉപയോഗവും ലക്ഷ്യമിട്ടുകൊണ്ട് കൃഷിവകുപ്പുമായി ചേർന്ന് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്ന് സഭയെ

അറിയിച്ചു. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ ജലവിനിയോഗക്ഷമത കൂട്ടാനും ജലസേചന ചെലവ് കുറച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ കരടിപ്പാറയിൽ 302 ഏക്കർ ഭൂമിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 5 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ആയക്കട്ട് ഏരിയയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണെന്നും മൈക്രോ ഇറിഗേഷൻ 2020-2021 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. പദ്ധതി നടത്തിപ്പിനായി നാൽപ്പതു ഹെക്ടറിന് ഒന്ന് എന്ന രീതിയിൽ വാട്ടർ യൂസേഴ്സ് അസോസിയേഷനുകൾ രൂപീകരിച്ചുവരുന്നുണ്ട്. ചീഫ് എഞ്ചിനീയർ, പ്രോജക്ട്-II-ന്റെ കാര്യാലയത്തിനു കീഴിൽ 7 പദ്ധതികളിലായി 1485.23 ഹെക്ടറിലും കുറ്റ്യാടി ജലസേചന പദ്ധതിയിൽ 205 ഹെക്ടറിലും ചിറ്റൂർ ഡിവിഷനു കീഴിലുള്ള എരുത്തേമ്പതി പഞ്ചായത്തിലെ നാവിതൻകുളത്തും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെന്നും മലമ്പുഴ, കാഞ്ഞിരപ്പുഴ, മംഗലം, പോത്തുണ്ടി, പഴശ്ശി, കാരാപ്പുഴ പദ്ധതികൾക്ക് കീഴിൽ ഡ്രിപ്പ് ഇറിഗേഷൻ നടപ്പിലാക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിവരികയാണെന്നും മന്ത്രി അറിയിച്ചു. പാലക്കാട് ജില്ലയിലെ വടകര, കൊഴിഞ്ഞാംപാറ, പെരുമാട്ടി

പഞ്ചായത്തുകളിൽ പ്രിസിഷൻ ഫാമിംഗ് നടപ്പാക്കിയതിന്റെ ഭാഗമായി ഇരട്ടിയിലധികം വിളവ് ലഭ്യമായിട്ടുണ്ടെന്നും കമ്മ്യൂണിറ്റി ഇറിഗേഷന് കേന്ദ്രഗവൺമെന്റ് സഹായം ലഭ്യമാക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. പി.എം.കെ.എസ്.വൈ. നടപ്പാക്കുന്ന per drop more crop എന്ന സ്കീമിന്റെ സബ്സിഡി നോംസിൽ മാറ്റം വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മൈക്രോ ഇറിഗേഷൻ ഏതെല്ലാം പ്രദേശങ്ങളിൽ നടപ്പാക്കണമെന്ന് കണ്ടെത്തുന്നതിനുള്ള സംയുക്ത യോഗങ്ങൾ ചേർന്നുകൊണ്ടിരിക്കുകയാണെന്നും കമ്മിറ്റി രൂപീകരണ ഘട്ടത്തിൽ എം.എൽ.എ.-മാരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതാണെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6074 മുതൽ 6350 വരെയുള്ള ചോദ്യങ്ങളിൽ 158 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)